# രാഷ്ട്രവികസനത്തിന് പങ്കുവഹിക്കാൻ ഓരോ വിദ്യാർഥിയും തയ്യാറാകണം-ഡോ. കെ.ശിവൻ

## അമൃതയിൽ 15-ാം ബിരുദദാനച്ചടങ്ങ്



അമൃതാനന്ദമയിമഠത്തിൽ നടന്ന ബിരുദദാനച്ചടങ്ങിൽ ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. കെ.ശിവൻ ബിരുദ സർട്ടിഫിക്കറ്റ് നൽകുന്നു. മാതാ അമൃതാനന്ദമയി സമീപം

**കരുനാഗപ്പള്ളി** ▸ രാഷ്ട്രവികസനത്തിന് അവരവരുടേതായ പങ്കുവഹിക്കാൻ ഓരോ വിദ്യാർഥിയും തയ്യാറാകണമെന്ന് ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. കെ. ശിവൻ പറഞ്ഞു. മാതാ അമൃതാനന്ദമയിമഠത്തിൽ നടന്ന ബിരുദദാനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പരാജയഭീതിയില്ലാതെ വെല്ലുവിളികൾ ഏറ്റെടുത്താൽമാത്രമേ അത് സാധ്യമാകൂ. രാജ്യത്തെ സമസ്തമേഖലയിലും വികസനം കൊണ്ടുവരാൻ ഈ മനോഭാവം വഴിയൊരുക്കും.

2019-ൽ ഭാരതം ചന്ദ്രയാൻ പദ്ധതി നടപ്പാക്കുമെന്നും 2022 എത്തുമ്പോൾ മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള ഉദ്യമം യാഥാർഥ്യമാകുമെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാർഥികളുടെ കാരുണ്യം, സ്നേഹം, സാമൂഹികപ്രതിബദ്ധത എന്നിവയുടെ സംഗമമാണ് ലോകത്തെ ശാന്തിയിലേക്ക് നയിക്കാൻ സഹായിക്കേണ്ടതെന്ന് വിദ്യാർഥികൾക്കുള്ള സന്ദേശത്തിൽ മാതാ അമൃതാനന്ദമയി പറഞ്ഞു.

സ്വന്തം ആവശ്യങ്ങളെക്കുറിച്ചുമാത്രം ചിന്തിക്കാതെ ലോകനന്മയ്ക്കായി നമുക്ക് എന്തുചെയ്യാൻ കഴിയുമെന്നുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു. വിദ്യാർഥികളുടെ ജീവിതം ലോകത്തിനുവേണ്ടിയാകണം. സ്നേഹത്തിന്റെ എണ്ണയിൽ മുക്കി കാരുണ്യത്തിന്റെ തിരി ജ്വലിപ്പിക്കണമെന്നും മാതാ അമൃതാനന്ദമയി പറഞ്ഞു.

അമൃതവിശ്വവിദ്യാപീഠം സർവകലാശാലാ ചാൻസലർ കൂടിയായ മാതാ അമൃതാനന്ദമയിയും ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. കെ.ശിവനും ചേർന്നാണ് ചടങ്ങ് ഉദ്ഘാടനം ചെയ്തത്. അമൃത സർവകലാശാല അമൃതപുരി കാമ്പസിൽനിന്ന് 2018-ൽ ബിരുദവും ബിരുദാനന്തരബിരുദവും പിഎച്ച്.ഡി.യും കരസ്ഥമാക്കിയ മാനേജ്മെന്റ്, ആയുർവേദം, ആർട്സ് ആൻഡ് സയൻസ്, എൻജിനീയറിങ്, ബയോടെക്നോളജി തുടങ്ങി വിവിധ പഠനമേഖലകളിലുള്ള 1325 വിദ്യാർഥികൾക്കായാണ് ബിരുദദാനം സംഘടിപ്പിച്ചത്.

അമൃതാനന്ദമയിമഠം വൈസ് ചെയർമാനും അമൃത സർവകലാശാലാ പ്രസിഡന്റുമായ സ്വാമി അമൃതസ്വരൂപാനന്ദപുരി അനുഗ്രഹപ്രഭാഷണം നടത്തി.

അമൃത സർവകലാശാലാ ഡീൻ ഡോ. ബിപിൻ നായർ, അസോസിയേറ്റ് ഡീൻ ഡോ. ബാലകൃഷ്ണശങ്കർ, വൈസ് ചാൻസലർ ഡോ. വെങ്കിട്ട് രംഗൻ, രജിസ്ട്രാർ ഡോ. കെ.ശങ്കർ, അമൃത ആയുർവേദ മെഡിക്കൽ ഡയറക്ടർ സ്വാമി ശങ്കരചൈതന്യ, അമൃത സർവകലാശാലാ റിസർച്ച് ഡീൻ ഡോ. ശാന്തി നായർ, എയിംസ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ, അമൃത സ്കൂൾ ഓഫ് ആർട്സ് ആൻഡ് സയൻസ് പ്രിൻസിപ്പൽ ഡോ. നന്ദകുമാർ നായർ, അമൃത എൻജിനീയറിങ് കോളേജ് പ്രിൻസിപ്പൽ ഡോ. എസ്.എൻ.ജ്യോതി, അമൃത വയർലെസ് ആൻഡ് നെറ്റ്‌വർക്ക് ഡയറക്ടർ ഡോ. മനീഷ രമേശ് തുടങ്ങിയവർ പങ്കെടുത്തു.